## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

### ദേശീയ പട്ടിക വർഗ്ഗ മഹോത്സവം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4121    27-06-2012-ൽ മറുപടിയ്ക്ക്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബെന്നി ബെഹനാൻ<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.ഹൈബി ഈഡൻ | കുമാരി.പി.കെ.ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പു മന്ത്രി ) |

| | |
|---|---|
| (എ) സംസ്ഥാനത്ത് ദേശീയ പട്ടികവർഗ്ഗ മഹോത്സവം നടത്തുകയുണ്ടായോ; വിശദമാക്കുമോ; ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയായിരുന്നു; | (എ) നടത്തുകയുണ്ടായി.<br>വയനാട് ജില്ലയിലെ മാനന്തവാടി വള്ളിയൂർക്കാവ് ക്ഷേത്രമൈതാനത്ത് വച്ച് 2012 ഏപ്രിൽ 30 മുതൽ മെയ് 4 വരെ ദേശീയ പട്ടികവർഗ്ഗ മഹോത്സവം "ഗോത്രായനം 2012" എന്ന പേരിൽ സംഘടിപ്പിച്ചിരുന്നു. അന്യം നിന്ന് പോകുന്ന ആദിവാസി ഗോത്ര വർഗ്ഗ സംസ്കാരത്തെ പരിപോഷിപ്പിക്കുക, അവരുടെ തനതായ സാംസ്കാരിക മൂല്യങ്ങളെയും വ്യത്യസ്തമായ ആചാര അനുഷ്ഠാന വിശ്വാസങ്ങളേയും പൊതു സമൂഹത്തെയും, പുതിയ തലമുറയേയും പരിചയപ്പെടുത്തുക, ഗോത്രവർഗ്ഗ കലകൾക്ക് പ്രദർശനത്തിനുള്ള വേദിയുണ്ടാക്കുക, രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിലെ വ്യത്യസ്ത ഗോത്രവർഗ്ഗ സംസ്കാരങ്ങളെ ഒരേ വേദിയിൽ സമന്വയിപ്പിക്കുക പട്ടികവർഗ്ഗക്കാരുടെ കരകൗശല ഉല്പന്നങ്ങൾക്കും കാർഷികോല്പന്നങ്ങൾക്കും പ്രദർശന വിപണനത്തിനുള്ള സൗകര്യമൊരുക്കുക, വംശീയ വൈദ്യം, വംശീയ ഭക്ഷണം എന്നിവ പരിചയപ്പെടുത്തുക കേരളത്തിലെ പട്ടിക |

| | |
|---|---|
| | വർഗ്ഗവികസനം നേരിടുന്ന പ്രശ്നങ്ങളും പ്രതിസന്ധികളും ചർച്ച ചെയ്യുകയും പരിഹാരങ്ങൾ കണ്ടെത്തുകയും ചെയ്യുക എന്നീ ഉദ്ദേശ ലക്ഷ്യങ്ങൾ ഇതിനുണ്ടായിരുന്നു. |
| (ബി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് മഹോത്സവം നടത്തിയത്; | (ബി) പട്ടികവർഗ്ഗ വികസന വകുപ്പും സംസ്ഥാന യുവജന ക്ഷേമ ബോർഡും സംയുക്തമായാണ് ഇത് സംഘടിപ്പിച്ചിരുന്നത്. |
| (സി) മഹോത്സവത്തിൽ നടന്ന ചർച്ചകളിൽ ഉരുത്തിരിയുന്ന ആശയങ്ങൾ എന്തൊക്കെയായിരുന്നു; | (സി) പട്ടികവർഗ്ഗ കുട്ടികൾക്ക് മികച്ച വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനായി വിദ്യാഭ്യാസ മേഖല മെച്ചപ്പെടുത്തുക, പട്ടികവർഗ്ഗക്കാരുടെ ഉപജീവനസൗകര്യം ഉയർത്തുന്നതിലേയ്ക്കായി കുടുംബങ്ങൾക്ക് മെച്ചപ്പെട്ട ജീവിത സാഹചര്യവും, തൊഴിലും വരുമാനവും ഉറപ്പു വരുത്തുന്ന പദ്ധതികൾ ആവിഷ്കരിക്കുക, പട്ടികവർഗ്ഗക്കാർക്ക് ഫലപ്രദമായ ബോധവത്കരണ ചികിത്സാ പരിപാടികൾ നൽകി പകർച്ചവ്യാധികൾ, ജീവിതശൈലീരോഗങ്ങൾ എന്നിവ ഇല്ലാതാക്കുന്നതിനായുള്ള ആരോഗ്യ പ്രവർത്തനം ഊർജ്ജിതമാക്കുക, വനാന്തരങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരെ അവരുടെ സമ്മതത്തോടെയും സഹകരണത്തോടെയും പുനരധിവസിപ്പിക്കുക, എല്ലാ കുടുംബങ്ങൾക്കും സ്ഥലവും വീടും നൽകുക. മുഴുവൻ പട്ടികവർഗ്ഗ കുടുംബാംഗങ്ങളുടേയും വിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാക്കുക, പട്ടികവർഗ്ഗ പദ്ധതികൾ സ്വയം നടപ്പാക്കാനും അതിന്റെ ഗുണഫലം യഥാർത്ഥ |

| | |
|---|---|
| | ഗുണഭോക്താക്കളിൽ എത്തുന്നുണ്ടോ എന്ന് പരിശോധിക്കാനുമുള്ള കഴിവ് നേടാൻ ശാക്തീകരണ പരിപാടികൾ ആവിഷ്കരിക്കുക. ഗോത്രവർഗ്ഗങ്ങളും നൈപുണ്യങ്ങളും സംരക്ഷിക്കപ്പെടണമെങ്കിൽ ഗോത്രവർഗ്ഗ പൈതൃക രജിസ്ട്രേഷൻ (സംരക്ഷണവും പരിപാലനവും) ആക്റ്റ് എന്ന പേരിൽ ഒരു പുതിയ നിയമനിർമാണം നടത്തുക. സംസ്ഥാനത്തിന് ഒരു പട്ടികവർഗ്ഗ വികസന നയം രൂപീകരിക്കുന്നതിനുള്ള നടപടി ആരംഭിക്കണം എന്നീ ആശയങ്ങളാണ് ഉരുത്തിരിഞ്ഞത്. |
| (ഡി) ആശയങ്ങൾ സ്വാംശീകരിച്ച് വികസന പദ്ധതികളുടെ ആസൂത്രണ ത്തിലും നിർവ്വഹണത്തിലും ഉപയോഗ പ്പെടുത്തുമോ? | (ഡി) പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.